സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് വിജ്ഞാപനം

നമ്പർ.സി.എസ്.ഇ.ബി /പ്രൊമോഷൻ എക്സാം/ **5-2017**

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി

വിജ്ഞാപന തീയതി : 18 .01.2017 16 .02.2017 വൈകുന്നേരം 5.00 മണി.

**1969** ലെ കേരള സഹകരണ സംഘം നിയമത്തിലെ ചട്ടം 185 (5), 6) എന്നിവ പ്രകാരം താഴെ കാണിച്ചിരിയ്ക്കുന്ന സംഘം / ബാങ്കുകൾക്ക് നേരെ കാണിച്ചിരിയ്ക്കുന്ന തസ്തികകളിൽ ഫീഡർ കാറ്റഗറി വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗ കയറ്റം മുഖേന നിയമ പ്രകാരം നികത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ ഉദ്യോഗ കയറ്റങ്ങൾക്കാണ് യോഗ്യത പരീക്ഷ നടത്തുന്നത്.

**I.**

| | |
|---|---|
| 1. കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം | 1. ഡെപ്യൂട്ടി ജനറൽ മാനേജർ<br>2. സീനിയർ മാനേജർ<br>3. മാനേജർ/ P.A. to M.D<br>4. അക്കൗണ്ട്സ് ഓഫീസർ |
| 2.കേരളസംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | 1. ഡെപ്യൂട്ടി മാനേജർ<br>2. റീജണൽ മാനേജർ /ഫിനാൻസ് മാനേജർ/ അഗ്രികൾച്ചറൽ ഡെവലപ്പ്മെന്റ് മാനേജർ /കോർ ഫാകൽട്ടി<br>3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / ചീഫ് ഇൻസ്പെക്ടിംഗ് ഓഫീസർ / പ്രിൻസിപ്പൽ, സ്റ്റാഫ് ട്രെയിനിംഗ് സെന്റർ |
| 3. ജില്ലാ സഹകരണ ബാങ്കുകൾ | 1. ഡെപ്യൂട്ടി ജനറൽ മാനേജർ<br>2.എക്സിക്യൂട്ടീവ് ഓഫീസർ/ബ്രാഞ്ച് ഇൻസ്പെക്ടർ/ സീനിയർ ബ്രാഞ്ച് മാനേജർ<br>3.ബ്രാഞ്ച് മാനേജർ/ സൂപ്രണ്ടന്റ് / ചീഫ് അക്കൗണ്ടന്റ്/ മാർക്കറ്റിംഗ് ഓഫീസർ |
| 4.പത്ത് കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ | അസിസ്റ്റന്റ് സെക്രട്ടറി/ മാനേജർ<br>ചീഫ് അക്കൗണ്ടന്റ് , ചീഫ് കാഷ്യർ |
| 5. പത്ത്കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള അർബൻ ബാങ്കുകൾ | അസിസ്റ്റന്റ് സെക്രട്ടറി |

**II.** പ്രൊമോഷൻ തസ്തികയുടെ ഫീഡർ കാറ്റഗറി തസ്തികയിലെ ജീവനക്കാർക്ക് യോഗ്യതാ പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കും.

**III.** ജീവനക്കാർ യോഗ്യതാ പരീക്ഷയ്ക്ക് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അപേക്ഷ ഫാറം പൂരിപ്പിച്ച് ബന്ധപ്പെട്ട സ്ഥാപനത്തിന്റെ മുഖ്യ ഉദ്യോഗസ്ഥന്റെ മേലൊപ്പോടു കൂടി ടി സ്ഥാപനം മുഖാന്തിരം **16. 02.2017** ന് വൈകിട്ട് 5 മണിയ്ക്കു മുൻപായി സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് ആഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകന്റെ മൊത്തം സേവന ദൈർഘ്യം, ഇപ്പോഴത്തെ തസ്തിക എന്നിവ അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തണം. അപേക്ഷയോടൊപ്പം നിർബന്ധമായും പ്രവൃത്തി പരിചയ സർട്ടിഫിക്കററ് , സെക്രട്ടറി, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പേരിൽ CTS പ്രകാരം മാറ്റി എടുക്കാവുന്ന ആയിരം (1000) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ ഉള്ളടക്കം ചെയ്യേണ്ടതാണ്. **കവറിനു മുകളിൽ പ്രൊമോഷൻ പരീക്ഷയുടെ അപേക്ഷ** എന്ന് വ്യക്തമായി രേഖപ്പെടുത്തണം.അപേക്ഷയുടെ മാതൃക www.csebkerala.org എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിനു വേണ്ടി

സ്ഥലം : തിരുവനന്തപുരം

തീയതി : 16.01.2017

ഡെപ്യൂട്ടി രജിസ്ട്രാർ/സെക്രട്ടറി
സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്
ഓവർ ബ്രിഡ്ജ്, തിരുവനന്തപുരം

NB: ❄ അപേക്ഷകൾ സ്വീകരിയ്ക്കുന്ന അവസാന തിയതി **16.02.2017** വൈകിട്ട് **5** മണിവരെ